പതിമൂന്നാം കേരള നിയമസഭ
പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3021 — 22.02.2016-ൽ മറുപടിക്ക്

## ആസ്തി വികസന ഫണ്ട്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.തിലോത്തമൻ | | ഡോ. എം.കെ. മുനീർ (പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പു മന്ത്രി) | |
| (എ) | ആസ്തി വികസന ഫണ്ട് വിനിയോഗിച്ചുള്ള ജോലികളിൽ 2015-2016 കാലയളവിൽ സെക്രട്ടേറിയറ്റിലെ തദ്ദേശ സ്വയംഭരണ വകുപ്പ് ഡി.സി - സെക്ഷനുകളിൽ എത്തിയിട്ടുള്ള ഫയലുകളുടെ വിവരങ്ങൾ, തപാലിൽ നിന്നും ഫയൽ സെക്ഷനിലെത്തിയ തീയതി, ഫയൽ സമർപ്പിച്ച തീയതി, ധനകാര്യ വകുപ്പിലേയ്ക്കയച്ച തീയതി, ഭരണാനുമതി നൽകിയ തീയതി, തുടങ്ങിയ വിവരങ്ങൾ വ്യക്തമാക്കി നൽകാമോ ; | (എ) | മററു പല വകുപ്പുകളിലും ആസ്തി വികസനവുമായി ബന്ധപ്പെട്ട വിഷയം ജില്ല തിരിച്ച് 3 സീററുകളിലായാണ് കൈകാര്യം ചെയ്യുന്നത് എന്നാൽ തദ്ദേശ സ്വയം ഭരണ വകുപ്പിൽ ഡിസി3 സീററിലാണ് കേരളത്തിൽ എമ്പാടുമുള്ള കോർപറേഷൻ/ മുനിസിപ്പാലിററികളുടെ ആസ്തി വികസനവുമായി ബന്ധപ്പെട്ട റോഡ് വർക്കുകളുടെ ഫയൽ കൈകാര്യം ചെയ്യുന്നത്. ഇതിന് പുറമെ ടെണ്ടർ അധിക നിരക്കുമായി ബന്ധപ്പെട്ട ഫയലുകളും മുനിസിപ്പാലിററി / കോർപ്പറേഷനുകളുമായി ബന്ധപ്പെട്ട കോടതി കേസുകളും കേരളത്തിലെ ക്ഷേമ പെൻഷനുമായി ബന്ധപ്പെട്ട പെററീഷനുകളും ഇതുമായി ബന്ധപ്പെട്ട ഫയലുകളും ഹർജികൾ സംബന്ധിച്ച് സമിതിയുടെ ഫയലുകളും മിസലേനിയസ് ഫയലുകളും കൈകാര്യം ചെയ്യുന്നത് ഡിസി3 സീററിലാണ്. അസിസ്ററന്റുമാർ മാറി മാറി വന്നതു നിമിത്തവും ഫയലുകൾ പെന്റിംഗ് വന്നിട്ടുണ്ടെന്നും അസംബ്ളിയുടെ ഈ സെഷനിൽ ഈ സീററിൽ നിന്നും 19 ചോദ്യങ്ങൾക്ക് മറുപടി നല്കേണ്ടതു ഉള്ളതിനാലും അമിത ജോലി ഭാരം ഉള്ളതിനാലും ഈ ചോദ്യം സംബന്ധിച്ച് വിവരം ശേഖരിച്ച് നൽകുന്നതാണ്. |
| (ബി) | പല ഫയലുകളും മുൻഗണനാ ക്രമം തെറ്റിച്ചും പക്ഷപാതപരമായും താമസിപ്പിച്ചും പ്രസ്തുത സെക്ഷനിൽ നിന്നും അയയ്ക്കുന്നുവെന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിനെതിരെ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ; | (ബി) | ഇല്ല |

Meged

സെക്ഷൻ ഓഫീസർ